റിവ്യൂ - മതിലുകൾ

എഴുതിയത് : ജിതിൻ

ഒരു പെണ്ണിന്റെ മണം അഥവാ ഒരു നോവലിന്റെ മണം

നോവലിന്റെ പിറവി

വായനക്കാർ നന്ദി പറയേണ്ടത് 1964 ൽ കൗമുദി പത്രാധിപർ ആയിരുന്ന കെ ബാലകൃഷ്ണൻ എന്ന വ്യക്തിയോട് ആണ്. എന്തിന് എന്നല്ലേ? ആ സമയത്ത് എ വിൻസെന്റ് എന്ന മനുഷ്യന് വേണ്ടി, ബഷീർ എഴുതി കൊടുത്ത ഭാർഗവീനിലയം എന്ന തിരക്കഥ, ഷൂട്ടിംഗ് തുടങ്ങും മുൻപ് "അടിച്ചു മാറ്റി" കൗമുദിയുടെ അക്കൊല്ലാത്തെ ഓണം വിശേഷാൽ പതിപ്പിൽ പ്രസിദ്ധീകരിക്കാൻ തീരുമാനിക്കുകയും, അതിന് മുന്നോടി ആയി ചെയ്യാൻ പോകുന്ന പാതകത്തിൽ യാതൊരു മടിയും കൂടാതെ അത് കേരളക്കര ആകെ പരസ്യം ചെയ്യുകയും ചെയ്തതിന്!

വിവരമറിഞ്ഞ ബഷീർ രായ്ക്കുരാമാനം തിരുവനന്തപുരത്തു വണ്ടി ഇറങ്ങി. സിനിമ ഇറങ്ങും മുൻപ് തിരക്കഥ പ്രസിദ്ധീകരിച്ചാൽ അത് സിനിമക്ക് ക്ഷീണം ആകും. കൊടുമ്പിരി കൊണ്ട ചർച്ചകൾക്ക് ഒടുവിൽ ആ വർഷത്തെ ഓണപതിപ്പിന് വേണ്ടി മറ്റൊരു കൃതി എഴുതി കൊടുക്കാം എന്ന് കഥാകൃത്ത് സമ്മതിച്ചു. അങ്ങനെ ആ മനുഷ്യൻ, തന്നെ കളിപ്പിച്ച തന്റെ സ്നേഹിതന് വേണ്ടി, നാലെ നാലു ദിവസം കൊണ്ട് എഴുതി തീർത്ത കൃതി ആണ് മതിലുകൾ!

ഇങ്ങനെ ഒരു ഒരു നോവൽ എങ്ങനെ അതിന്റെ "മണം" ചോരാതെ സിനിമ ആക്കുവാൻ ആകും? സിനിമയും നോവലും ചേർത്തു വെച്ചു "വായിച്ചപ്പോൾ" മനസ്സിലാക്കിയ ഒരു കാര്യം പറയാം. മഹാനായ ബഷീർ, നോവലിലെ വരികൾക്കുള്ളിൽ കഥാപാത്രങ്ങളുടെ മാനസിക വ്യാപാരങ്ങൾ അഥവാ ചിന്തകൾ ആണ് പറഞ്ഞു വെച്ചത് എങ്കിൽ; ശ്രീ അടൂർ ഗോപാലകൃഷ്ണൻ ആകട്ടെ അവ അതേ പടി, ഒട്ടും സത്ത ചോരാതെ, പലപ്പോഴും രണ്ടു പേർ തമ്മിൽ ഉള്ള സംഭാഷണങ്ങൾ ആക്കി തിരക്കഥയിൽ എഴുതി വെച്ചു!

അത് എങ്ങനെ എന്ന് ഒരു ഉദാഹരണ സഹിതം പറയാം. ജയിലിൽ നിന്നും രാഷ്ട്രീയ തടവുകാരെ മോചിപ്പിക്കാൻ ഉത്തരവ് ആകുകയും, അതിനായി ഏവരും പ്രതീക്ഷയോടെ കാത്തിരിക്കുമ്പോൾ ബഷീറിനെ മാത്രം മോചിപ്പിക്കാതെ ഇരിക്കുകയും ചെയ്ത ഒരു സംഭവം പറയുന്നുണ്ട്. സ്വാതന്ത്ര്യം സ്വപ്നം കണ്ടിരിക്കുന്ന ആ സമയത്ത് പെട്ടന്ന് ഉണ്ടകുന്ന ആശാഭംഗവും, ഏകാന്തതയും കഥാകൃത്തനെ വല്ലാണ്ട്

തളർത്തുന്നുണ്ട്. ഇത് അദ്ദേഹത്തിന്റെ കാട് കയറുന്ന ചിന്തകളുടെ വിവരണങ്ങളിലൂടെ നോവലിൽ നമുക്ക് വായിച്ചു എടുക്കാനും ആകും. എന്നാൽ അത് എങ്ങനെ അതേ തീവ്യതയോടെ ഒരു സിനിമയിൽ കാണിക്കും? നിങ്ങൾ ഒരു സിനിമ പ്രേമി ആണെങ്കിൽ ഒന്ന് ആലോചിച്ചു നോക്കുക. എങ്ങനെ ആകും ആ വികാരങ്ങൾ നിങ്ങൾ പ്രേക്ഷകരിലേക്ക് എത്തിക്കുക? ഫ്ലാഷ് ബാക്കുകൾ കാണിച്ചു, ഏകാന്തത വിളിച്ചു പറയുന്ന ഒരു വിരഹ ഗാനത്തിന്റെ അകമ്പടിയോടെ വേണമെങ്കിൽ കാണിക്കാം. അത് അല്ലെങ്കിൽ, ഒറ്റക്ക് ഇരുന്ന്, ഭ്രാന്തമായ ചേഷ്ടകൾ കാണിക്കുന്ന ഒരു നായകന്റെ Psycho രംഗങ്ങളിലൂടെ കാണിക്കാം. എന്നാൽ ഇവിടെ ആണ് അടൂർ എന്ന ജീനിയസ് വ്യത്യസ്തനാകുന്നത്. അദ്ദേഹം കഥയിൽ തന്നെ ഉള്ള ഒരു സഹൃദയനായ പോലീസുകാരനെ നായകന്റെ മുന്നിൽ എത്തിച്ചു. പ്രത്യേകം ശ്രദ്ധിക്കുക, സഹ തടവുകാരായ കൂട്ടുകാർ ആരും അല്ല, ഒരു പോലീസിനെ ആണ് അദ്ദേഹം ഈ സീനിൽ കൊണ്ട് വരുന്നത്. നായകൻ തന്റെ ഉള്ളിൽ ഉള്ള, സങ്കടങ്ങൾ, ജയിൽ ചാടാൻ തോന്നുന്നത് ഉൾപ്പെടെ ഉള്ള ഭ്രാന്തമായ ചിന്തകൾ, അങ്ങനെ എല്ലാം, ഒരു വെളിപാട് പോലെ ആ പോലീസുകാരനോട് പറയുന്നു. എല്ലാം, കേട്ടിരിക്കുന്ന പോലീസുകാരൻ, ഒരു ചെറു പുഞ്ചിരി മാത്രം മറുപടി നൽകി നടന്ന് അകലുന്നു. ഇതിലൂടെ നോവലിൽ ഒന്നര പേജിൽ വായിച്ചെടുക്കുന്ന അതേ നിസ്സഹായ അവസ്ഥയും, താളം തെറ്റാറായ മനോനിലയും ഒരേ സമയം ഒരൊറ്റ സീനിൽ അദ്ദേഹം പറഞ്ഞു വെക്കുന്നു.

ഇനി പെണ്ണിന്റെ മണം.

അത് അനുഭവിച്ചു തന്നെ അറിയേണ്ടത് ആണ്. അമേരിക്കൻ സംവിധായാകൻ ആയ woody allen ന്റെ രണ്ടു വരികൾ ഉണ്ട്. " Sex alleviates tension. Love causes it.". നഷ്ടപ്പെട്ട സ്വാതന്ത്ര്യം തന്നിൽ ഉണ്ടാക്കിയ പിരിമുറുക്കത്തിൽ നിന്നും ബഷീർ കര കയറുന്നത്, പുരുഷന്മാരുടെ ജയിലിന്റെ പടുകൂറ്റൻ മതിലിനു അപ്പുറമുള്ള, സ്ത്രീ ജയിലിൽ, കാഴ്ച്ചക്ക് അപ്പുറം, ശബ്ദം മാത്രമായ ഒരു പെണ്ണിന്റെ മണം പിടിച്ചു ആണ്. നാരായണി. പറയുമ്പോൾ അവർ ഒരു ശബ്ദം മാത്രം ആണെങ്കിലും, ഒരു വികാരമായി, മോഹമായി, പ്രകൃതി ആയി അദ്ദേഹത്തിന്റെ പിരിമുറുക്കങ്ങൾ ഒക്കെ ഇല്ലാതെ ആക്കുന്നു. കണ്ടത് മനോഹരം, കാണാത്തത് അതി മനോഹരം എന്നാണല്ലോ! ഒരു പക്ഷെ, ആ മതിലിനപ്പുറം ഇറങ്ങി ചെന്ന്, 22 വയസ് പ്രായം പറയുന്ന നരായണിയുടെ കഥ എഴുതിയാലും, അവിടെയും ഇത് തന്നെ ആകും സംഭവിച്ചിട്ട് ഉള്ളത്! ദിവസം കഴിയും തോറും, ഇരുവർക്കും ഇടയ്ക്ക് എപ്പോഴോ ഉള്ളിൽ പ്രണയം ജനിക്കുമ്പോഴേക്കും, അദ്ദേഹത്തിന്റെ ജയിൽ മോചനം ഉത്തരവ് ആകുന്നു. ജയിലിന് പുറത്തിറങ്ങി,

സ്വാതന്ത്ര്യത്തിന്റെ പകൽ വെളിച്ചം കാണുന്ന ബഷീറിലൂടെ ആണ് നോവൽ അവസാനിക്കുന്നത് എങ്കിൽ, സിനിമ ഇവിടെ അല്പം വേറിട്ട് നിൽക്കുന്നു. താൻ സ്വതന്ത്ര്യനാണ് എന്ന് കഥാകൃത്ത് അറിയുമ്പോൾ, ആ മതിലിനു അപ്പുറം നാരായണി തന്നെ കാത്തു നിൽക്കുന്നത് അദ്ദേഹത്തിന് കാണാൻ ആകുന്നുണ്ട്. അവരുടെ സംഗമങ്ങൾക്ക് ഉള്ള അടയാളം അവിടെ മതിലിനു മുകളിൽ ഉയർന്നു പൊങ്ങുന്നത് അദ്ദേഹം നോക്കി നിൽക്കുന്നു. അദ്ദേഹത്തിന്റെ കാഴ്ചയിൽ, ആ മതിലും അടയാളവും, അവ്യക്തമാകുന്നതോടെ സിനിമ അവസാനിക്കുന്നു. നിറയുന്ന കണ്ണുകളോടെ ജീവിതത്തിൽ ഒരിക്കലും കാണാൻ കഴിയാത്ത തന്റെ പ്രണയത്തെ, അവസാനമായി ആ കണ്ണുകലൂടെ കണ്ടിട്ട് ഉണ്ടാകാൻ ഇടയുള്ള അതേ കാഴ്ച തന്നെ നമുക്ക് തിരശീലയിലും കാണാൻ ആകും. A complete fade out!

Nb:- (nota bene).

ഇത്രയും എഴുതി കുറച്ചു ആളുകൾക്ക് വായിക്കാൻ കൊടുത്തു. കുറച്ചു അക്ഷര തെറ്റുകൾ തിരുത്തിയ കൂട്ടത്തിൽ ഒരു അഭിപ്രയം ഉയർന്നു വന്നു. KPAC ലളിതയെ കുറച്ചു പറയണം. ശരിയാണ്. ഞാൻ അത് മറക്കാൻ പാടില്ലായിരുന്നു. നാരായണി എന്ന കഥാപാത്രത്തെ കുറിച്ചു നേരത്തെ പറഞ്ഞല്ലോ. വയസ്സ് വെറും 22 ആണ്. തുടിച്ചു നിൽക്കുന്ന പ്രായം. ജീവ പര്യന്തം ആണ് ശിക്ഷ. ചെയ്ത കുറ്റം എന്താണ് എന്നു പറയുന്നില്ല എങ്കിലും, ശിക്ഷയുടെ ദൈർഘ്യം കേട്ട് ബഷീർ ചോദിക്കുന്നുണ്ട്, "കൊലക്കുറ്റം ആണല്ലേ?"! 22 വയസിൽ, ഒരു കോല കുറ്റം ചെയ്ത്, ഒരു വർഷത്തെ ശിക്ഷ അനുഭവിച്ചു കഴിഞ്ഞ ഒരു പെണ്കുട്ടിയുടെ മനോനില, നമുക്ക് ഒക്കെ സങ്കല്പിക്കാവുന്നതിലും അപ്പുറം ആയിരിക്കും എന്നതിൽ സംശയം വേണ്ട. ഏതായാലും, അവർ ആ കടും കൈ ചെയ്തത് സ്വയ രക്ഷയ്ക്ക് എന്നു കരുതാനെ എന്നെ കൊണ്ട് ആകുന്നുള്ളൂ. അഞ്ചോ ആറോ ഡയലോഗകൾ കൊണ്ട് മാത്രം, ഒരു നിമിഷം പോലും സ്ക്രീനിൽ പ്രത്യക്ഷപെടാതെ, ഒരു നേടുവീർപ്പ് ആണ് ആ കഥാപാത്രം നമ്മളിൽ ബാക്കി നിർത്തുന്നത് എന്നത് ഓർക്കുമ്പോൾ, തിരിച്ചറിയപ്പെടാതെ ഒരു നഷ്ട സൗന്ദര്യം ആ ശബ്ദത്തിൽ, ഡയലോഗ് മോഡുലേഷനിൽ അവർ അസാമാന്യ വൈഭവത്തോടെ ഒളിപ്പിച്ചു വെച്ചിരിക്കുന്നു എന്നത് സമ്മതിക്കാതെ തരമില്ല.

മറ്റൊന്ന് ഇത് എനിക്ക് പറഞ്ഞു തന്ന അനിൽ സാറിന്റെ വാക്കുകൾ തന്നെ കടമെടുത്ത് പറഞ്ഞാൽ സാങ്കേതിക വിദ്യ ഇത്രയില്ലാത്ത കാലത്ത് sound sync editing നടത്തിയ ചിത്രം എന്ന പ്രത്യേകത ആ ചിത്രത്തിനുണ്ടായിരുന്നു. അക്കാലത്ത് ഡബ്ബിങ്, സൗണ്ട് എഫക്ട് ഒക്കെ പിന്നീട് സ്റ്റുഡിയോയിൽ ആയിരുന്നു. അടൂരിന് പക്ഷെ, അവിടത്തെ

ശബ്ദങ്ങൾ ലൈവ് ആയി വേണം എന്ന് നിർബന്ധം. ദേവദാസ് എന്നയാൾ ആയിരുന്നു എന്നാണ് ഓർമ്മ. റെക്കോർഡർ ഓൺ ചെയ്ത് നടന്ന പാടൊക്കെ അദ്ദേഹം വിവരിച്ചത് ഓർമയുണ്ട്. അണ്ണാന്റെ ശബ്ദം ലൈവായി പിടിക്കാൻ മണിക്കൂറുകൾ ചിലവാക്കേണ്ടി വന്നിട്ടുണ്ടത്രേ!

കാലത്തിന്റെ തിടുക്കം മാറ്റി വെച്ചു, ഒരല്പം ക്ഷമയോടെ കണ്ടു തുടങ്ങാം എങ്കിൽ, നോവലിന്റെ മണം തുടിക്കുന്ന ഒരു മികച്ച സൃഷ്ടി തന്നെ ആണ് 1990കൾ ഇറങ്ങിയ മതിലുകൾ എന്ന ചിത്രം. കൂടുതൽ പറയുന്നില്ല. കാണാത്തവർ കാണുക. കണ്ടവർ വീണ്ടും കാണുക. ഒന്ന് മാത്രം പറഞ്ഞു നിർത്താം; അത് പറയതെ നിർത്തുന്നത് ശരിയല്ല, അത് കൊണ്ടാണ്. അതെന്തെന്നാൽ മമ്മൂട്ടിയുടെ മുഖം ആണ് എന്നിൽ ഇപ്പോൾ ബഷീറിന്! മമ്മൂട്ടി എന്ന പേരുള്ളത് മറ്റാരോ ആണ്. മറ്റാരോ!

- ടാലന്റഡ് ബാങ്കേഴ്‌സ് മൂവി പാനൽ